**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 872** **14-01-2021 - ൽ മറുപടിയ്ക്ക്**

**മാനന്തവാടി മണ്ഡലത്തിലെ ക്രാഷ് ഗാർഡ് ഫെൻസിങ് പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | **Shri. K Raju**<br>**(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി)** | |
| (എ) | മാനന്തവാടി മണ്ഡലത്തിലെ കൂടൽക്കടവ്, നീർവാരം ക്രാഷ് ഗാർഡ് ഫെൻസിങ് പദ്ധതിയുടെ പുരോഗതി അറിയിക്കുമോ; ആയത് ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ അടിയന്തരനടപടികൾ സ്വീകരിക്കുമോ; | (എ) | നോർത്ത് വയനാട് ഡിവിഷനിൽ ബേഗൂർ റെയിഞ്ചിൽ മാനന്തവാടി മണ്ഡലത്തിലെ പാൽവെളിച്ചം കൂടൽക്കടവ് 6 കി.മീ. ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിങിന് ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| (ബി) | വന്യമൃഗപ്രതിരോധത്തിനായി വയനാട്ടിൽ കൂടുതൽ ഭാഗത്ത് ക്രാഷ് ഗാർഡ് ഫെൻസിങ് അനുവദിക്കുമോ; വിശദമാക്കുമോ; | (ബി) | വയനാട് ജില്ലയിൽ സൗത്ത് വയനാട് ഡിവിഷന് കീഴിൽ താഴെപറയുന്ന പദ്ധതികൾ കിഫ്ബി മുഖേന അംഗീകരിച്ച് നടപ്പാക്കിവരുന്നു. 1, നെയ്കുപ്പ -ദാസനക്കര - 15 കി.മീ 2 കൂടല്ലൂർ-കൊമ്മൻചേരി - 3 കി.മീ 3. പത്താംമൈൽ- കുന്നംപുറം - 3 കിമീ - 4, വേങ്ങാക്കോട്-ചെംപ്ര - 5 കിമീ. \|സൗത്ത് വയനാട് ഡിവിഷനിലെ താഴെപറയുന്ന സ്ഥലങ്ങളിൽ ക്രാഷ് ഗാർഡ് ഫെൻസിങ്ങ് നടത്തുന്നതിനുള്ള പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൽപ്പറ്റ 1. പത്താംമൈൽ - പാറത്തോട് - 3 കി.മീ 2 പാറത്തോട് - സേട്ട്കുന്ന് - 3 കി.മീ 3. സേട്ട്കുന്ന് - മേൽമുറി - 4 കി.മീ 4, 30 ഏക്കർ-കറുവൻതോട് - 3 കിമീ 5. 30 ഏക്കർ- അംബ - 5 കി.മീ 6. അംബ- 50 ഏക്കർ - 5 കിമി. 7, മീൻമുട്ടി - ബപ്പണമല - 3 കിമീ മേപ്പാടി 1, മുള്ളൻപാറ ലക്കിടി - 3 കി.മീ 2, വേങ്ങക്കോട് - മുള്ളൻപാറ - 3 കി.മീ 3, ചെമ്പ്ര - സ്കൂൾകുന്ന് - 3 കി.മീ 4, ചേലാടി - മീൻമുട്ടി - 2 കി.മീ ചെതലത്ത് 1. കൊളവള്ളി - ചെത്തിമറ്റം - 10 കി.മീ. 2 ഭൂതാനം - പെരിക്കല്ലൂർ- 12 കി.മീ. 3. കുറിച്ചിപറ്റ - കേളമംഗലം- 20 കി.മീ. വയനാട് വൈൽഡ് ലൈഫ് ഡിവിഷനിലെ മുത്തങ്ങ \|റെയിഞ്ചിലെ തൊട്ടാമൂല ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിലെ കനാൽ മുതൽ പഴൂർ വരെ 6.5 കി.മീ. നീളത്തിലും, കുറിച്യാട് റെയിഞ്ചിൽ പഴയമ്പലം മുതൽ വെള്ളക്കെട്ട് വരെ 4.5 കി.മീ. നീളത്തിലും ക്രാഷ് ഗാർഡ് സ്റ്റീൽ റോപ്പ് ഫെൻസിങ് കിഫ്ബി ഫേസ് 2-ൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് 5.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കാട്ടുപന്നിയെ നിർമാർജനം ചെയ്യാൻ സ്വീകരിച്ച നടപടി വിശദീകരിക്കാമോ; | (സി) | കാട്ടിൽ നിന്നും നാട്ടിലേക്കിറങ്ങി മനുഷ്യരുടെ ജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ നശിപ്പിക്കാൻ 11/01/2021 ലെ GO (Rt) No. 05/2021/F&WLD സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | വർദ്ധിച്ചുവരുന്ന കടുവശല്യം പ്രതിരോധിക്കാൻ നിലവിൽ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; | (ഡി) | കടുവശല്യം പ്രതിരോധിക്കാൻ പെട്രോളിംഗുകളും ക്യാമറാട്രാപ്പ് നിരീക്ഷണങ്ങളും നടത്തിവരുന്നുണ്ട്. കൂടാതെ, റെയിഞ്ച് \|തലത്തിൽ നിയോഗിച്ചിട്ടുള്ള റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പരിശോധനയും നടത്തുന്നുണ്ട്. നോർത്ത് വയനാട് ഡിവിഷനിലെ ബേഗൂർ റെയിഞ്ചിലെ കാട്ടിക്കുളം-പനവല്ലി മേഖലയിൽ ജനവാസകേന്ദ്രത്തിൽ ഇറങ്ങിയ കടുവയെ പിടികൂടുന്നതിന് കൂട് സ്ഥാപിച്ചിട്ടുണ്ട്. |
| (ഇ) | 20 വർഷം പൂർത്തീകരിച്ച വാച്ചർമാരായ ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; വന്യമൃഗപ്രതിരോധത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വാച്ചർമാരായി നിയമനം നൽകുന്നത് പരിഗണനയിലുണ്ടോ? | (ഇ) | 20 വർഷം പൂർത്തീകരിച്ച വനം വകുപ്പ് വാച്ചർമാരെ സ്ഥിരപ്പെടുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. വനം വകുപ്പിൽ ആദിവാസി വിഭാഗത്തിൽ നിന്നും 500 പുതിയ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിക്കുന്നതിനായി, 500 പുതിയ \| തസ്തിക സൃഷ്ടിക്കുന്ന വിഷയവും പരിഗണനയിലുണ്ട്. പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് വാച്ചർമാരായി നിയമനം നൽകുന്ന പ്രൊപോസൽ നിലവിലില്ല. |

സെക്ഷൻ ഓഫീസർ